ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.08.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രനിർമ്മാണത്തിൽ നിർണായക സംഭാവനകൾ നൽകിയവർക്കുള്ള ദേശീയ 'അനുഭവ്' പുരസ്കാരങ്ങൾ കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും.

   Union Minister of State Jitendra Singh will present the national 'Anubhav' awards today in New Delhi to individuals who have made crucial contributions in nation-building.

2. വിഴിഞ്ഞം തുറമുഖത്തിൻറെ സമ്പൂർണ്ണ കയറ്റുമതി-ഇറക്കുമതി പ്രവർത്തനങ്ങൾക്ക് നാളെ തുടക്കമാകും. കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയാകും.

   Vizhinjam port set to commence full-scale import-export operations tomorrow; Union Minister Sarbananda Sonowal to attend as chief guest.

3. ഝാർഖണ്ഡിൽ നിയമന പരീക്ഷാ ക്രമക്കേടുകളിൽ പ്രതിഷേധിച്ച് സമരം നടത്തുന്ന വിദ്യാർത്ഥികളുമായി സംസ്ഥാന സർക്കാർ ഇന്ന് ഉച്ചയ്ക്ക് ചർച്ച നടത്തും.

   Protesting Jharkhand students to hold fresh round of talks with State Government in Ranchi today.

4. ബിഹാറിലെ അശോക് ധാം ക്ഷേത്രത്തിൽ തിക്കിലും തിരക്കിലും ഏഴ് മരണം. അനുശോചനം രേഖപ്പെടുത്തി പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ.

   Seven people died in a stampede at the Ashok Dham temple in Bihar. Prominent leaders including the Prime Minister expressed condolences.

5. അതിശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഒഡീഷയിലും പശ്ചിമബംഗാളിലും ഇന്ന് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ച് കേന്ദ്ര കാലാവസ്ഥാവകുപ്പ്.

   IMD issues red alert for very heavy rainfall in Odisha and Gangetic West Bengal.

6. BWF ബാഡ്മിന്റൺ ലോക ചാമ്പ്യൻഷിപ്പിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും.

   BWF Badminton World Championships to begin today in New Delhi.

*********************

## NATIONAL ANUBHAV AWARDS 2026

രാഷ്ട്രനിർമ്മാണത്തിൽ നിർണായക സംഭാവനകൾ നൽകിയവർക്കുള്ള ഈ വർഷത്തെ ദേശീയ 'അനുഭവ്' പുരസ്കാരം ഇന്ന് സമ്മാനിക്കും. ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര സഹ മന്ത്രി ജിതേന്ദ്ര സിംഗ് പുരസ്കാരം കൈമാറും. 'പെൻഷൻ മിത്ര' ഹാൻഡ്ബുക്കിന്റെയും, രാജ്യവ്യാപകമായ 'ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ്' മാർഗ്ഗരേഖകളുടെയും പ്രകാശനവും ഉണ്ടാകും.

*********************

## NTA - UGC NET RETEST

ചോദ്യപേപ്പറുകളിലുണ്ടായ പിശകുകളിലെ പരാതിയെത്തുടർന്ന് UGC-NET പരീക്ഷയിലെ ഇംഗ്ലീഷ്, കൊമേഴ്സ്, സോഷ്യോളജി എന്നീ വിഷയങ്ങളുടെ പുനഃപരീക്ഷ സെപ്റ്റംബർ 9, 10 തീയതികളിൽ നടക്കുമെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി. 9-ാം തീയതി രാവിലെ 9 മുതൽ 12 വരെ ആദ്യ ഷിഫ്റ്റിൽ ഇംഗ്ലീഷും അതേ ദിവസം ഉച്ചയ്ക്ക് 3 മുതൽ വൈകുന്നേരം 6 വരെ കൊമേഴ്സ് പരീക്ഷയും നടക്കും. സോഷ്യോളജി പരീക്ഷ സെപ്റ്റംബർ 10-ന് രാവിലെ 9 മുതൽ 12 വരെ ആദ്യ ഷിഫ്റ്റിൽ നടക്കും.

**********************

## INDIA - BRICS MEETING

പന്ത്രണ്ടാമത് ബ്രിക്സ് പരിസ്ഥിതി മന്ത്രിമാരുടെ യോഗം നാളെ ന്യൂഡൽഹിയിൽ നടക്കും. കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ് യോഗത്തിൽ അധ്യക്ഷത വഹിക്കും. 'പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത എന്നിവ കെട്ടിപ്പടുക്കൽ' എന്ന ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷതയുടെ പ്രധാന പ്രമേയത്തിന് കീഴിലാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. പരിസ്ഥിതി വർക്കിംഗ് ഗ്രൂപ്പ്, കാലാവസ്ഥാ വ്യതിയാനം, സുസ്ഥിര വികസനം എന്നിവ കൈകാര്യം ചെയ്യുന്ന മുതിർന്ന ഉദ്യോഗസ്ഥരുടെ യോഗം ഇന്ന് ചേരും.

**********************

## ASHOK DHAM STAMPEDE + RAJNATH-LAKHISARAI

ബിഹാറിലെ അശോക് ധാം ക്ഷേത്രത്തിൽ തിക്കിലും തിരക്കിലും ഏഴ് സ്ത്രീകൾ മരിച്ചു. 'സാവൻ' മാസത്തിലെ മൂന്നാം തിങ്കളാഴ്ച ജലാഭിഷേക ചടങ്ങിനായി ക്ഷേത്രപരിസരത്ത് ഭക്തർ ഒത്തുകൂടിയപ്പോഴാണ് അപകടം ഉണ്ടായത്. പത്തിലധികം പേർക്ക് ഗുരുതരമായി പരിക്കേറ്റു. മരിച്ചവരുടെ കുടുംബങ്ങൾക്ക് ബിഹാർ സർക്കാർ നാല് ലക്ഷം രൂപ വീതം ധനസഹായം നൽകും. സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്ര

മോദി, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, മുഖ്യമന്ത്രി സാമ്രാട്ട് ചൗധരി എന്നിവർ അതീവ ദുഃഖം രേഖപ്പെടുത്തി.

**********************

## Chief Election Commissioner (INTRO)

യുവജനങ്ങളെ തിരഞ്ഞെടുപ്പ് പ്രക്രിയയുമായി കൂടുതൽ ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ആവിഷ്കരിച്ച ഇലക്ടറൽ ലിറ്ററസി ക്ലബ്ബിൻറെ രണ്ടാം ഘട്ടത്തിന് ഇന്ന് തുടക്കമാകും. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ - ELC 2.0 ഇന്ന് പട്നയിൽ ഉദ്ഘാടനം ചെയ്യും.

**ഒരു റിപ്പോർട്ട്...**

(വോയ്സ്)

യുവ പൗരന്മാരെ തിരഞ്ഞെടുപ്പ് പ്രക്രിയയുമായി പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2018-ലാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകൾക്ക് തുടക്കമിട്ടത്. ELC 2.0-ന് കീഴിൽ, അടുത്ത ആറ് മാസത്തിനുള്ളിൽ രാജ്യത്തുടനീളമുള്ള 15 ലക്ഷം സ്കൂളുകളിലും 70,000 കോളേജുകളിലും 1,420 സർവ്വകലാശാലകളിലും ഇത്തരം ക്ലബ്ബുകൾ രൂപീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഈ ക്ലബ്ബുകളെല്ലാം തിരഞ്ഞെടുപ്പ് കമ്മീഷന്റെ ശൃംഖലയായ 'ECI Net'-മായി ബന്ധിപ്പിക്കും. തിരഞ്ഞെടുപ്പ് അവബോധം, ഡിജിറ്റൽ ഇടപെടലുകൾ, ജനാധിപത്യ പ്രക്രിയയിൽ പൗരന്മാരുടെ പങ്കാളിത്തം എന്നിവയ്ക്ക് പുതിയ ഉണർവ് നൽകുന്നതിനുള്ള സുപ്രധാന ചുവടുവെപ്പാണ് ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകൾ.

**ന്യൂസ് ഡെസ്ക്, ആകാശവാണി...**

**********************

## JPSC protest

ജാർഖണ്ഡിൽ നിയമന പരീക്ഷകളിൽ ക്രമക്കേടുകൾ ആരോപിച്ച് നടക്കുന്ന സമരം 24-ാം ദിവസത്തിലേക്ക് കടന്നു. JSSC-CGL പരീക്ഷ റദ്ദാക്കണമെന്നും ക്രമക്കേടുകളിൽ സിബിഐ അന്വേഷണം വേണമെന്നും ആവശ്യപ്പെട്ട് വിദ്യാർത്ഥികൾ പ്രതിഷേധം ശക്തമാക്കിയിരിക്കുകയാണ്.

അതേസമയം, പ്രതിഷേധിക്കുന്ന വിദ്യാർത്ഥികളെ ഇന്ന് ഉച്ചയ്ക്ക് 2 മണിക്ക് സംസ്ഥാന സർക്കാർ ചർച്ചയ്ക്കായി ക്ഷണിച്ചിട്ടുണ്ട്.

**********************

## LADAKH-CENSUS

2027 സെൻസസിനായുള്ള Self-enumeration ജമ്മു കശ്മീരിലെ ചില ഇടങ്ങളിലും ലഡാക്കിലും ആരംഭിച്ചു. ഓഗസ്റ്റ് 31 വരെയാണ് സമയപരിധി.

**********************

## INDORE VIRTUAL ZOO

രാജ്യത്തെ ആദ്യ വെർച്വൽ മൃഗശാല മധ്യപ്രദേശിലെ ഇൻഡോറിൽ പ്രവർത്തനം ആരംഭിച്ചു. മൃഗശാലയിൽ 14-D സിനിമാ തിയേറ്ററും വെർച്വൽ ജംഗിൾ സഫാരിയും സജ്ജീകരിച്ചിട്ടുണ്ട്. സാങ്കേതികവിദ്യയിലൂടെ വന്യജീവികളെയും പ്രകൃതിയെയും കുറിച്ച് പഠിക്കാൻ കുട്ടികൾക്കും വിനോദസഞ്ചാരികൾക്കും ഇവിടെ അവസരം ലഭിക്കും.

**********************

## FACT CHECK-PREZ

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ പേരിൽ സമൂഹ മാധ്യമങ്ങളിൽ AI നിർമിത വീഡിയോ പ്രചരിക്കുന്നതായി കേന്ദ്ര സർക്കാർ. റഫാൽ വിമാനങ്ങളുമായി ബന്ധപ്പെട്ട് അന്വേഷണ കമ്മീഷൻ രൂപീകരിക്കുമെന്ന് രാഷ്ട്രപതി പ്രസ്താവന നടത്തുന്ന വീഡിയോ വ്യാജമെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധന വിഭാഗം സ്ഥിരീകരിച്ചു.

**********************

## NIRMALASITHARAMAN

പൊതുമേഖലാ ബാങ്കുകൾക്കായി ഉന്നതതല സമിതി ഉടൻ രൂപീകരിക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ. ന്യൂഡൽഹിയിൽ രണ്ടു ദിവസത്തെ പൊതുമേഖലാബാങ്ക് കോൺക്ലേവ് ഉത്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. ശുപാർശകൾ പരിഗണിച്ച് ബാങ്കിംഗ് പരിഷ്കാരങ്ങൾ തീരുമാനിക്കുന്നത് സമിതിയായിരിക്കുമെന്നും ധനമന്ത്രി അറിയിച്ചു.

**********************

## VIZHINJAM (INTRO)

രാജ്യത്തെ ഏറ്റവും സുപ്രധാന വാണിജ്യ കവാടമായി വിഴിഞ്ഞം തുറമുഖം മാറുന്നതിന് ഔദ്യാഗിക തുടക്കം കുറിച്ച്, സമ്പൂർണ്ണ കയറ്റുമതി-ഇറക്കുമതി- എക്സിം പ്രവർത്തനങ്ങൾക്ക് നാളെ തുടക്കമാകും.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്ത് നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം. പള്ളുരുത്തി....**

**(വോയിസ്)**

**********************

## Vande Bharat Flag Off

കേരളത്തിൽ 16 കോച്ചുകളുമായി വന്ദേഭാരത് ട്രെയിൻ സർവീസ് ഇന്ന് മുതൽ ആരംഭിക്കും. എറണാകുളം റെയിൽവെ സ്റ്റേഷനിൽ ഇന്ന് ഉച്ചയ്ക്ക് 1.30 ന് നടക്കുന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഫ്ലാഗ് ഓഫ് ചെയ്യും. ബെംഗളൂരു–എറണാകുളം വന്ദേഭാരത് രാവിലെ 5.10ന് പുറപ്പെട്ട് ഉച്ചയ്ക്ക് 1.50ന് എറണാകുളത്ത് എത്തും. തിരികെയുള്ള സർവീസ് ഉച്ചയ്ക്ക് 2.20ന് പുറപ്പെട്ട് രാത്രി 11ന് ബെംഗളൂരുവിലെത്തും.

**********************

## Vartalap

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ പ്രാദേശിക മാധ്യമപ്രവർത്തകർക്കായി ഏകദിന മാധ്യമ ശില്പശാല സംഘടിപ്പിക്കും. ആലപ്പുഴ ചേർത്തലയിലെ വെളിയിൽ കാസിലിൽ നാളെ രാവിലെ നടക്കുന്ന ശില്പശാല ജില്ലാ പോലീസ് മേധാവി വിഷ്ണു പ്രദീപ് ടി.കെ ഉദ്ഘാടനം ചെയ്യും. പി.ഐ.ബി തിരുവനന്തപുരം അധീഷണൽ ഡയറക്ടർ ജനറൽ (റീജിയൺ) വി. പളനിച്ചാമി ചടങ്ങിൽ അധ്യക്ഷത വഹിക്കും.

**********************

## IMD

ഒഡീഷയിലും ഗംഗാതീരത്തോടു ചേർന്നുള്ള പശ്ചിമബംഗാൾ പ്രദേശങ്ങളിലും അതിശക്തമായ മഴയ്ക്ക്

സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാവകുപ്പ് ഇന്ന് ചുവപ്പു ജാഗ്രത നൽകി. ഛത്തീസ്ഗഡ്, കിഴക്കൻ മധ്യപ്രദേശ്, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ ഓറഞ്ച് ജാഗ്രതയാണ്. ജമ്മുകശ്മീർ, ബിഹാർ, ജാർഖണ്ഡ്, കർണാടക, ഒഡീഷ, തമിഴ്നാട്, പുതുച്ചേരി, കാരക്കൽ, ആന്ധ്രാപ്രദേശ്, തെലങ്കാന, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിൽ ഇടിയോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

**********************

## ASSAM-FLOOD RELIEF

അസമിൽ പ്രളയക്കെടുതികൾ നേരിടുന്ന കുടുംബങ്ങൾക്ക് ഇടക്കാല ധനസഹായം അനുവദിച്ച് മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ. ഒരു ലക്ഷത്തോളം കുടുംബങ്ങൾക്ക് 15,000 രൂപ വീതം അനുവദിച്ചതായി അദ്ദേഹം അറിയിച്ചു.

ദുരിതബാധിതർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും നൽകുമെന്നും മുഖ്യമന്ത്രി ഉറപ്പ് നൽകി.

**********************

## BWF BADMINTON WC- EARLY

BWF ബാഡ്മിന്റൺ ലോക ചാമ്പ്യൻഷിപ്പിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. വനിതാ സിംഗിൾസിൽ ഇന്ത്യയുടെ പി.വി. സിന്ധു അയർലൻഡിന്റെ സോഫിയ നോബിളിനെ നേരിടും. വനിതാ ഡബിൾസിൽ ട്രീസ ജോളി-ഗായത്രി ഗോപിചന്ദ് സഖ്യം ആദ്യ റൗണ്ടിൽ സ്പെയിൻ താരങ്ങളെ നേരിടും. വൈകുന്നേരം നടക്കുന്ന പുരുഷ സിംഗിൾസിൽ ഇന്ത്യൻ താരം ആയുഷ് ഷെട്ടി, ലോക ഒന്നാം നമ്പർ താരവും നിലവിലെ ചാമ്പ്യനുമായ ചൈനയുടെ ഷി യു ക്വി-യെ നേരിടും.

**********************

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 304 പോയിന്റ് കുറഞ്ഞ് 77,704 ലും, നിഫ്റ്റി 67 പോയിന്റ് നഷ്ടത്തിൽ

24,301 ലും വ്യാപാരം തുടരുന്നു.

സ്വർണ വില കൂടി. പവന് 400 രൂപ വർധിച്ച്

ഒരു ലക്ഷത്തി 14,160 രൂപയും ഗ്രാമിന് 14,270 രൂപയുമാണ്

ഇന്നത്തെ വില.

**********************

## AKASHAVANI

ഓണത്തോട് അനുബന്ധിച്ച് ആകാശവാണി തിരുവനന്തപുരം നിലയം '**ശ്രാവണ സംഗീതിക** ' സംഗീത കച്ചേരി സംഘടിപ്പിച്ചു. തിരുവനന്തപുരം വിമൻസ് കോളേജിൽ സംഗീത വിഭാഗവുമായി ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്. ഈ സംഗീത കച്ചേരിയുടെ ശബ്ദ ലേഖനം തിരുവോണ നാളിൽ രാത്രി ഒൻപതരയ്ക്ക് ആകാശവാണിയുടെ കേരള നിലയങ്ങൾ പ്രക്ഷേപണം ചെയ്യും.

**********************

## HURRICANE – LALA

അമേരിക്കയിൽ ലാല ചുഴലിക്കാറ്റ് ആഞ്ഞടിച്ചതിനെ തുടർന്ന് ഹവായിയിൽ കനത്ത വെള്ളപ്പൊക്കവും മണ്ണിടിച്ചിലും. അപകടത്തിൽ ഒരാൾ

മരിച്ചു. കൊടുങ്കാറ്റിനെതുടർന്ന് പേമാരിയും മിന്നൽ പ്രളയവും ഉണ്ടായി. എട്ട് പ്രധാന ദ്വീപുകളിൽ ഉഷ്ണമേഖലാ കൊടുങ്കാറ്റ് മുന്നറിയിപ്പ് തുടരുകയാണ്.

**********************

**************

****